# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 - 2026

എ. എൽ. പി. സ്കൂൾ അങ്ങാടിക്കൽ

പുത്തൻകാവ്. പി. ഒ

ചെങ്ങന്നൂർ - PIN - 689123

വിദ്യാഭ്യാസ ഉപജില്ല : ചെങ്ങന്നൂർ

വിദ്യാഭ്യാസ ജില്ല : മാവേലിക്കര

# ആമുഖം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാനമായ ലക്ഷ്യം ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ്. ഇതിന്റെ ഭാഗമായി ഓരോ കുട്ടിയുടെയും അറിവും കഴിവും അതത് പ്രായഘട്ടത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്ത പ്രകാരവും ഏറ്റവും മികവാർന്ന തലത്തിലേക്ക് വികസിപ്പിക്കേണ്ടതാണ്. ഈ കാര്യങ്ങൾ ഉറപ്പാക്കാൻ അക്കാദമികമായി എന്തെല്ലാം ചെയ്യണമെന്ന് കൃത്യമായ ആസൂത്രണം ആവശ്യമാണ്. അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെ സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയും. വിദ്യാലയത്തിന്റെ കാഴ്ചപ്പാട്, അക്കാദമിക ലക്ഷ്യങ്ങൾ, മുൻഗണനകൾ, വിഭവ വിനിയോഗം, പ്രവർത്തന പരിപാടികൾ ഇവയെല്ലാം യാഥാർത്ഥ്യ ബോധത്തോടെ ഉൾച്ചേർന്നതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ

# സ്കൂൾ ചരിത്രം

അങ്ങാടിക്കൽ ഇ. എ. എൽ. പി സ്കൂൾ മാവേലിക്കര വിദ്യാഭ്യാസ ജില്ലയിൽ ചെങ്ങന്നൂർ താലൂക്കിൽ വടക്കേക്കര വില്ലേജിൽ പുത്തൻകാവ് അങ്ങാടിക്കൽ എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നു.

അങ്ങാടിക്കൽ മലയിൽ താമസിക്കുന്ന നിരക്ഷരരും അവശ സമുദായാംഗങ്ങളുമായ സാധു ജനങ്ങളുടെ സന്താനങ്ങൾക്ക് പ്രാഥമിക വിദ്യാഭ്യാസമെങ്കിലും നൽകേണ്ടത് അത്യാവശ്യമാണെന്ന് മർത്തോമ്മ സുവിശേഷ സംഘത്തിന് ബോധ്യമായതിനാൽ 1073 ഇടവ മാസത്തിൽ 1-ാം ക്ലാസ് മാത്രമുള്ള ഒരു പള്ളിക്കൂടം ആരംഭിച്ചു. ആദ്യത്തെ അദ്ധ്യാപകൻ ശ്രീ. എം. ഒ. ജോൺ ആയിരുന്നു.

ആ കാലഘട്ടത്തിൽ അപൂർണ്ണ പ്രൈമറി വിദ്യാലയങ്ങൾ നിർത്തൽ ചെയ്യുമെന്നുള്ള നിയമം വന്നു. ഇത് ഒരു പൂർണ്ണ പ്രൈമറി സ്കൂൾ ആയി ഉയർത്തേണ്ടത് ആവശ്യമാണെന്ന് കണ്ട് ശ്രീ. പി. ഐ. ജേക്കബ് കശ്ശീശായുടെ ശ്രമഫലമായി സുവിശേഷ സംഘത്തിന്റെ മാനേജിംഗ് കമ്മിറ്റി ഇത് ഒരു പൂർണ്ണ പ്രൈമറി സ്കൂൾ ആയി ഉയർത്താൻ തീരുമാനിച്ചു. അങ്ങനെ 1897 ൽ 4-ാം സ്റ്റാൻഡേർഡ് വരെയുള്ള ക്ലാസുകൾ നടത്തുന്നതിന് ആവശ്യമായ കെട്ടിടം നിർമ്മിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

ഈ സ്കൂൾ അതിന്റെ പ്രവർത്തന പാതയിൽ 121 വർഷങ്ങൾ പിന്നിടുന്നു. കാലഘട്ടത്തിനനുസരിച്ച് വിദ്യാലയത്തിനും മാറ്റങ്ങൾ സംഭവിച്ചു. പൊതു വിദ്യാഭ്യാസ സംരക്ഷണ

ന്റെ ഫലമായി സ്കൂളിലെ
വും പങ്കാളിത്തവും വർദ്ധിച്ചിട്ടുണ്ട്. ഭൗതിക സൗകര്യ
അപര്യാപ്തതകൾ ഒരോന്നായി പരിഹരിക്കാൻ നമ്മു
ലയത്തിന് ഏറെക്കുറെ കഴിഞ്ഞിട്ടുണ്ട്. എങ്കിലും
ത്തിന് അനുസരിച്ചും മാറിവരുന്ന സാങ്കേതിക വിദ്യകൾ-
ച്ചും വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ ഇനിയും
ടുത്തേണ്ടിയിരിക്കുന്നു.

ഇന്ത്യയുടെ ആദ്യ പ്രധാന മന്ത്രിയായിരു-
റി ജവഹർലാൽ നെഹ്റുവിന്റെ പ്രൈവറ്റ് സെക്ര-
. എം. ഒ. മത്തായി ഇന്തോ കാനഡ പ്രോജക്ടിന്റെ
ക്ക് ചെയർമാനായിരുന്ന ശ്രീ. തോപ്പിൽ ചാണ്ടി തുട-
ഈ സ്കൂളിലെ ആദ്യകാല വിദ്യാർത്ഥികളായിരുന്നു.
ത് അഭിമാനത്തോടെ ഓർക്കുന്നു. ഈ സ്കൂളിൽ
പ്രാഥമിക വിദ്യാഭ്യാസം നേടിയ അനേകർ ഇന്ന്
കത്തും പുറത്തുമായി ഉന്നത നിലകളിൽ പ്രവ-
ന്നു എന്നത് അഭിമാനത്തിന് വക നൽകുന്നു. ഒരു
കുട്ടികൾ തിങ്ങിനിറഞ്ഞിരുന്ന ഈ സ്കൂളിൽ ഇന്ന്
ടെ എണ്ണം പരിമിതമാണെങ്കിലും ഇവിടെ നിന്നും
ടുന്ന കുട്ടികൾ പാഠ്യ പാഠ്യേതര മേഖലകളിൽ
പുലർത്തുന്നു എന്നുള്ള രക്ഷിതാക്കളുടെ
ങ്ങൾക്ക് പ്രചോദനമാകുന്നു.

ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ...
...നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പ്...

ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത്
...പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും
...ചെയ്യുക

...കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യ...
...ും ഒരുക്കിക്കൊടുക്കുക

ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങ...
...ഴ്ച വെക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ
...ൽകുക

...ഐ.സി.ടി. അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സാഹചര്യ...
...ങ്ങൾ ഒരുക്കുക.

...ഗവേഷണാത്മക അധ്യാപനത്തിനും ഗവേഷണാത്മക പഠന-
...ിനും അവസരമൊരുക്കുക.

...പഠനപിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാ
...വശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക.

...മുഴുവൻ കുട്ടികൾക്കും ശാസ്ത്രപഠനത്തിലെ എല്ലാ നൈപു-
...ണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജ-
...മാക്കുക.

... പഠനയാത്രകൾ, പഠനക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്
...ധരുടെ ക്ലാസ്സുകൾ, സെമിനാറുകൾ, പ്രൊജക്ടറുകൾ തുടങ്ങിയ
...വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.

...പുതിയതലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തി
...യെടുക്കുക.

* ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക, അതിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക.
* പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.
* ജൈവവൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതൽ മെച്ചപ്പെടുത്തുക.
* പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലെത്തിക്കുക
* കുട്ടികൾക്കായി ഗൈഡൻസ്, കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.
* സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക
* കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
* മാലിന്യ സംസ്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക
* ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക.
* കുട്ടികളിലെ കായിക ക്ഷമത ഉറപ്പാക്കുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
* ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക.
* 1,2 ക്ലാസുകളിലെ മലയാള ഭാഷ പരിപോഷിപ്പിക്കാനായി സചിത്ര നോട്ട്ബുക്ക് നിർമ്മാണം
* 3,4 ക്ലാസിലെ കുട്ടികൾ English ഭാഷ സംസാരിക്കുവാനും കൈകാര്യം ചെയ്യുവാനും വേണ്ടുന്ന പ്രവർത്തനങ്ങൾ നടത്തുകയും my English world എന്ന ബുക്കിൽ കുറിക്കുകയും ചെയ്യുക.

# നിലവിലെ അവസ്ഥ

പഠനത്തോടൊപ്പം തന്നെ ആരോഗ്യ കലാ, കായിക പ്രവർത്തി പരിചയ മേഖലകളിലും കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ പരിശീലനങ്ങൾ നടത്തി വരുന്നു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തന കലണ്ടർ നിർമ്മിക്കുന്നു. ഓരോ ദിനാചരണത്തിലും അതുമായി ബന്ധപ്പെട്ട ക്വിസ്, ചിത്രരചന, കവിത, പോസ്റ്റർ തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. വിജയിച്ചവർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്തു വരുന്നു. കുട്ടികളിലെ വായന വളർത്തുന്നതിന് സ്വയം കണ്ടെത്തി എഴുതുന്നതിനുമായി ബുധനാഴ്ച ദിവസങ്ങളിൽ ലൈബ്രറി പുസ്തകങ്ങൾ നൽകി വായിച്ചവ വിവരങ്ങൾ വയ്ക്കാൻ അവസരം നൽകുന്നു.

| വർഷം | ക്ലാസ് I | | ക്ലാസ് II | | ക്ലാസ് III | | ക്ലാസ് IV | | ആകെ | | Total |
|---|---|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | B | G | |
| | | 2 | | 2 | 2 | 3 | 1 | 2 | 3 | 9 | 12 |

# അദ്ധ്യാപകർ വിവരങ്ങൾ

## 2025 - 2026

| No | അദ്ധ്യാപകരുടെ പേര് | യോഗ്യത | തസ്തിക | ക്ലബ് ചുമതല |
|---|---|---|---|---|
| 1. | നിഷ ജോർജ്ജ് | SSLC<br>Plus Two,<br>BA, MA<br>TTC<br>K-TET (II | LPST<br>Teacher in-charge | |
| 2. | സുജി. ഇ | SSLC<br>HSS<br>TTC<br>K-TET | LPST<br>Daily Wage | വിദ്യാരംഗം |
| 3. | അഷ്ന അൻസാരി | SSLC<br>HSS<br>BA<br>TTC<br>K-TET | LPST<br>Daily Wage | It |
| 4. | ഷമീമ ഷാഹുൽ | SSLC<br>HSS<br>DEl.Ed<br>K-TET | LPST<br>Daily Wage | SRG കൺവീനർ |

ഒരുക്കം

* ഓരോ മാസവും കുട്ടികളുടെ പഠന നിലവാരം കണ്ടെത്തി രക്ഷിതാവിന്റെ അക്കാദമിക പിന്തുണ ഉറപ്പാക്കുന്നു.
* അക്കാദമിക മാസ്റ്റർപ്ലാൻ നിർവഹണത്തിൽ CPTA യുടെ സഹകരണം ഉറപ്പാക്കുന്നു.

# അക്കാദമിക മാസ്റ്റർ പ്ലാൻ

| പ്രവർത്തന ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|
| ഭാഷാപരമായ ശേഷിരാഹിത്യം | * ജൂൺ ആദ്യവാരം തന്നെ കുട്ടികളുടെ അടിസ്ഥാന ശേഷി പരിശോധന പൂർത്തിയാക്കുന്നു.<br>* ഒഴിവു ദിവസങ്ങളിൽ കുട്ടികളേയും രക്ഷിതാക്കളേയും പങ്കെടുപ്പിച്ചുകൊണ്ടുള്ള കൈത്താങ്ങ് പഠന ക്ലാസുകൾ നടത്തുന്നു.<br>* ക്ലാസ് ലൈബ്രറി ഊർജ്ജിതമാക്കൽ (വ്യക്തിഗത വായന)<br>* വായനാകാർഡുകൾ ചിത്രകാർഡുകൾ നൽകൽ (I, II)<br>* വായനാകുറിപ്പ് തയ്യാറാക്കൽ ആസ്വാദനകുറിപ്പ്, ലേഖനം എന്നിവ തയ്യാറാക്കൽ (III, IV)<br>* ICT | ജൂൺ |

| | | |
|---|---|---|
| English pronounciation | * ശരിയായ pronounciation ഉള്ള വീഡിയോ പ്രദർശിപ്പിക്കുന്നു<br>* English അസംബ്ലി സംഘടിപ്പിക്കുന്നു.<br>* word games<br>* spelling contests<br>* Making cross word puzzles.<br>* Making sentence cards. | എല്ലാ മാസവും. |
| ശാരീരിക മാനസിക വികാസങ്ങളുടെ വളർച്ചയ്ക്ക് | * യോഗ പരിശീലനത്തിന് അവസരം ഒരുക്കുന്നു.<br>* എയ്റോബിക് പരിശീലനം<br>* കായിക മത്സരങ്ങൾക്ക് അവസരം ഒരുക്കുന്നു. | ജൂൺ ഫെബ്രുവരി |
| കുട്ടികളുടെ ആരോഗ്യസ്ഥിതി അടുത്തറിയാൻ | * ആരോഗ്യ ക്ലാസുകൾ<br>* സീസൺ രോഗങ്ങളെ കുറിച്ച് ബോധവൽക്കരണം. | ഒക്ടോബർ നവംബർ |
| കുട്ടികളുടെ സർഗാത്മകത വളർത്താൻ | * പ്രാദേശികമായി ലഭ്യമായ കലാകാരൻമാരെ ഉപയോഗിച്ച് പരിശീലനം സംഘടിപ്പിക്കുക<br>* അവശ്യവസ്തുക്കളുടെ നിർമ്മാണ കളരി സംഘടിപ്പിക്കുക.<br>* അധ്യാപന്റെ സ്ഥിര പരിശീലനം<br>* റോൾപ്ലേ മൈം, നാടകം തുടങ്ങിയവയ്ക്ക് അവസരം നൽകുന്നു. | നവംബർ ഡിസംബർ |

| | | |
|---|---|---|
| | * പ്രവൃത്തിപരിചയ ലാബ് തയ്യാറാക്കുക<br>* അവശ്യവസ്തുക്കളുടെ നിർമ്മാണങ്ങളെ സംഘടിപ്പിക്കുക. | |
| കലാരൂപങ്ങളെക്കുറിച്ചുള്ള ധാരണ ഉണ്ടാക്കുവാനും കലാപരമായ കഴിവ് വികസിപ്പിക്കുന്നതിനുമായി | * അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം നൽകുന്നു<br>* അവധിക്കാല ചിത്രരചന പരിശീലനം<br>* ആഴ്ചയിൽ ഒരു ദിവസം സാഹിത്യ സമാജം<br>* നാടൻ കലകളിൽ പ്രാവീണ്യം നേടിയവരെ പരിചയപ്പെടുത്തുക.<br>* സ്കൂൾ ടാലന്റ് ലാബ്- കുട്ടികളിലെ വിവിധ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്ന പദ്ധതി | ജൂൺ സെപ്തംബർ |
| പാഠഭാഗങ്ങൾ ഐസിടി സാധ്യത ഉപയോഗിച്ച് വിനിമയം ചെയ്യുന്നതിനും സ്കൂളിലെ അക്കാദമിക വിവരങ്ങൾ നാട്ടുകാരിലും രക്ഷിതാക്കളിലും എത്തിക്കുന്നതിനും. | പഠന പ്രവർത്തനങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നു. കളിപ്പെട്ടി ശേഖരം തുടങ്ങിയവ പ്രൊജക്ടറിന്റെ സഹായത്തോടെ പരിചയപ്പെടുത്തുന്നു. | ജൂൺ സെപ്തംബർ |

| | | |
|---|---|---|
| ആധുനിക സാങ്കേതിക വിദ്യ-യെക്കുറിച്ച് അറിയുന്നതിനും അതുവഴി കുട്ടികൾക്ക് പഠനം എളുപ്പ-വും രസകരവു മാക്കാൻ | * ഓരോ ക്ലാസിലും വാട്സ് ആപ് ഗ്രൂപ്പുകൾ ആരംഭിക്കുക<br>* പരമാവധി പുസ്തകങ്ങൾ ശേഖരിച്ചു കൊണ്ട് ഇ-ലൈബ്രറി<br>* ലഭ്യമായ മുഴുവൻ കമ്പ്യൂട്ടറുകളിലും LAN സംവിധാനം ഒരുക്കൽ<br>* കളിപ്പെട്ടി, ശബ്ദം തുടങ്ങിയവ പ്രൊജക്ടറിന്റെ സഹായത്തോടെ പരിചയപ്പെടുത്തുന്നു. | ജൂൺ മാർച്ച് |
| കുട്ടികളുടെ സ്വതന്ത്രമായ സർഗാത്മക പ്രവർത്തന ങ്ങളുടെ അവതരണത്തിനുള്ള ശേഷി ഒരുക്കുന്നു. | * കുട്ടികളുടെ സർഗാത്മക പ്രവർത്ത-നങ്ങളിൽ സ്വതന്ത്ര രചനയിൽ മെച്ചപ്പെട്ടവ കണ്ടെത്തുന്നു.<br>* അസംബ്ലി, ബാലസഭ, മികവുത്സവം എന്നീ അവസരങ്ങളിൽ അവതരിപ്പിക്കുന്നു. | |
| എല്ലാ കുട്ടികളിലും ശാസ്ത്ര ബോധം ഉണ്ടാക്കുന്നു സ്വന്തമായി പരീക്ഷണം ചെയ്യാനുള്ള പ്രാപ്തി കൈവരിക്കാൻ സന്ദർഭം ഒരുക്കുന്നു. | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണ കുറിപ്പ് തയ്യാറാക്കുന്നു. ശാസ്ത്ര ലാബ് പരിചയപ്പെടൽ പുതിയ പരീക്ഷണങ്ങൾ കണ്ടെത്തി അവതരണത്തിന് അവസരം നൽകുന്നു. | |

| | | |
|---|---|---|
| ഗണിത പഠനം ഉല്ലാസപ്രദവും ആകർഷകവുമാക്കാൻ സാധിക്കുന്നതും മികച്ച ഗണിത പ്രതിഭകളെ കണ്ടെത്തുന്നതിനും വളർ- ത്തുന്നതിനും | * ഗണിത മാഗസിൻ<br>* ഗണിത ശാസ്ത്രമേള<br>* ചോദ്യോത്തരപെട്ടി<br>* ഉല്ലാസ ഗണിത കിറ്റുകൾ ഉപയോഗിച്ചു കൊണ്ട് പ്രവർത്തനങ്ങൾ നടത്തുന്നു.<br>* മൂർത്ത വസ്തുക്കൾ ഉപയോഗിച്ച് കൊണ്ടുള്ള ഗണിത പഠനം ഒരുക്കുന്നു. | ജൂൺ ഫെബ്രുവരി |
| പ്രശ്ന വിശകലനം സംഖ്യാബോധങ്ങൾ പ്രയോഗിക്കൽ | വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ട് പ്രദർശിപ്പിച്ച് കൊണ്ട് കുട്ടി- കൾക്ക് ഗണിതപഠനത്തിന് അവസരമൊരുക്കുന്നു.<br>നിത്യ ജീവിതത്തിലെ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ അവസരം ഒരുക്കുന്നു. | |
| സ്വാതന്ത്ര്യ സമരങ്ങളിൽ പങ്കാളിയാകുന്നതോടൊപ്പം സമാധാനത്തെ മുന്നോട്ട് നയിക്കുക എന്ന ഉത്തരവാദിത്വം | * ദിനാചരണങ്ങൾ ആഘോഷിക്കു- ന്നതിന് കുട്ടികൾക്ക് അവസരം ഒരുക്കുന്നു.<br>* ആനുകാലിക സംഭവങ്ങൾ മനസിലാക്കുന്നു.<br>* നമ്മുടെ പൈതൃകം ചരിത്രം എന്നിവയെക്കുറിച്ചുള്ള അറിവ് നേടുന്നു. | എല്ലാ മാസവും |

# ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹത്തായ പ്രക്രിയയാണ് വിദ്യാഭ്യാസം. ഇതിനെ സ്വകാര്യവൽക്കരിക്കപ്പെടുമ്പോൾ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നു. ഈ കെടുതിയിൽ നിന്ന് സമഗ്രവും ശാസ്ത്രീയവുമായ വികസനം സൃഷ്ടിക്കുന്ന കർമ്മ പദ്ധതിയാണ് വിദ്യാഭ്യാസസംരക്ഷണ യജ്ഞം. അതിനുവേണ്ടിയുള്ള ഒരു പദ്ധതിയാണ് ഈ സംരംഭം വിദ്യാലയത്തിന്റെ പൈതൃകം സംരക്ഷിക്കുന്നതിനും അക്കാദമിക വികസനം സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.